# അഹ്മദിയ്യാ മൗലവിമാരോട് വീണ്ടും ചില ചോദ്യങ്ങൾ

**കേരളത്തിലെ മൂന്ന് അഹ്മദിയ്യാ മൗലവിമാരോട് ഖുർആൻ, ഹദീസ്, അഹ്മദിയ്യാ പ്രസിദ്ധീകരണം എന്നിവയെ ആധാരമാക്കി ഞങ്ങളുടെ ഒരു വക്താവ് ചില ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ട് എഴുത്തയച്ചുവെങ്കിലും അതിന് അവർ മറുപടി പറഞ്ഞില്ല. തുടർന്ന് "അഹ്മദിയ്യാ മൗലവിമാർ മറുപടി പറയുമോ"? എന്നതലക്കെട്ടിൽ എട്ടു ചോദ്യങ്ങളടങ്ങുന്ന ഒരു നോട്ടീസായി അത് പ്രസിദ്ധീകരിച്ചു. എന്നാൽ ഇസ്ലാമിന്റെ ഉദ്ധാരകനായിവന്ന പരിഷ്കർത്താവിന്റെ അനുയായികളാണ് തങ്ങളെന്ന് അവകാശപ്പെടുന്ന മൗലവിമാർ മറുപടി നൽകാതെ ഒഴിഞ്ഞുമാറുകയാണുണ്ടായത്. ഈ മൗലവിമാരോട് ഞങ്ങൾ വീണ്ടും 25 ചോദ്യങ്ങൾ ചോദിക്കുന്നു. അവയ്ക്ക് വ്യക്തമായ മറുപടി പറയാൻ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രചാരകന്മാരും സേവകൻമാരുമായ മൗലവിമാർ ബാദ്ധ്യസ്ഥരാണ്.**

**ചോദ്യം 1 :** ഓരോ നൂറ്റാണ്ടിലും മുജദ്ദിദുമാർ വരുമെന്ന വിശ്വാസം അഹ്മദികൾക്കുണ്ടോ?. ഉണ്ടെങ്കിൽ എക്കാലവും ഇതൊരു ചിന്താവിഷയമല്ലേ?. അപ്പോൾ പതിനഞ്ചാം നൂറ്റാണ്ട് അതിൽ നിന്ന് മാറ്റി വെക്കാൻ പറ്റുമോ?.

**ചോദ്യം 2 :** മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ പ്രവചനപ്രകാരം പതിനാലാം നൂറ്റാണ്ടിൽ വന്ന മുജദ്ദിദ് ഇമാം മഹ്ദിയാണെന്ന് അഹ്മദികൾ വിശ്വസിക്കുന്നില്ലേ?. അതിന്റെ അടിസ്ഥാനത്തിലല്ലേ ഹസ്റത്ത് മിർസാംഗുലാം അഹ്മദ് (അ) നെ അഹ്മദികൾ അംഗീകരിച്ചത്?.

**ചോദ്യം 3 :** സുന്നികളേയും മുജാഹിദുകളേയും മറ്റുള്ളവരേയും തബ്ലീഗ് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിലേക്ക് ക്ഷണിക്കാറുള്ള അഹ്മദികൾ നബിതിരുമേനി (സ) യുടെ ഹദീസുകളല്ലേ തങ്ങളുടെ വാദങ്ങൾക്ക് തെളിവായി ഉദ്ധരിക്കാറുള്ളത്?. ആ ഹദീസുകളെയും ഇപ്പോഴത്തെ പതിനഞ്ചാംനൂറ്റാണ്ടിനേയും കുറിച്ച് മൗലവിമാർക്കെന്താണ് പറയാനുള്ളത്?.

**ചോദ്യം 4 :** പ്രവാചകത്വ ശൃംഖല അവസാനിച്ചിട്ടില്ലെന്നും 'വഹ്യ്' നിലച്ചിട്ടില്ലെന്നും അഹ്മദിയ്യാ പ്രഭാഷണങ്ങളിലും സാഹിത്യങ്ങളിലും ശക്തമായ വാദങ്ങൾ നിരത്തിവെച്ച അഹ്മദികൾക്ക് പതിനഞ്ചാംനൂറ്റാണ്ടിൽ അത് നിലച്ചുപോയെന്ന് പറയാൻ കഴിയുമോ?

**ചോദ്യം 5 :** മർഹും മൗലാനാ ബി. അബദുള്ളാഹ് സാഹിബിന്റെ 'അന്നുബുവ്വത്ത് ഫിൽ ഇസ്ലാം' 'അന്നുബുവ്വത്ത് ഫിൽ ഖുർആൻ' എന്നീ ഗ്രന്ഥങ്ങൾ മേലുദ്ധരിച്ച വാദങ്ങൾക്ക് തെളിവല്ലേ?. ഈ ഗ്രന്ഥങ്ങളും സൻമാർഗ്ഗദർശിനിയും മറ്റു അഹ്മദിയ്യാ സാഹിത്യങ്ങളും പാരായണം ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ച ആളുകൾ ഇപ്പോൾ പതിനഞ്ചാം നൂറ്റാണ്ടിനെ അവഗണിക്കണമെന്നാണോ മൌലവിമാർ പറയുന്നത്?.

**ചോദ്യം 6 :** പതിനാലാം നൂറ്റാണ്ടിലെ ഇമാം മഹ്ദി അവസാനത്തെ മുജദ്ദിദാണെന്നോ അദ്ദേഹത്തിന് ശേഷം മുജദ്ദിദുമാർ ഇല്ലെന്നോ നബിതിരുമേനി (സ) പറഞ്ഞിട്ടുണ്ടോ?.

**ചോദ്യം 7** : ഹസ്റത്ത് അഹ്മദ് (അ) ആയിരം കൊല്ലത്തേക്ക് മുജദ്ദിദാണെന്ന വാദം മൗലവി മാർക്കുണ്ടെങ്കിൽ പിന്നെന്തിനാണ് ഒരോ നൂറ്റാണ്ടിലും മുജദ്ദിദുമാർ വരുമെന്ന് പറഞ്ഞത്?. മൊത്തത്തിൽ ആയിരം കൊല്ലത്തേക്കുള്ള കണക്ക് പറഞ്ഞാൽ പോരേ? ഒരോ നൂറ്റാണ്ടിനെ ഓർമ്മിപ്പിക്കേണ്ടതുണ്ടോ?

**ചോദ്യം 8** : ഇമാം മഹ്ദിയുടെ പതിനാലാം നൂറ്റാണ്ട് കഴിഞ്ഞാലും മുജദ്ദിദുമാരുണ്ടാകുമെന്ന് നബിതിരുമേനി (സ) പ്രവചിച്ചതെന്തുകൊണ്ട്?. ഇമാം മഹ്ദിയുടെ പ്രസ്ഥാനത്തിനുണ്ടാകുന്ന ജീർണ്ണതയും അപചയവുമല്ലേ അത് സൂചിപ്പിക്കുന്നത്?.

**ചോദ്യം 9** : ഹസ്റത്ത് അഹ്മദ് (അ) ന്റെ പിൻഗാമിയെന്ന് പറയപ്പെടുന്ന സദതിരഞ്ഞെടുത്ത അഹ്മദിയ്യാ ഖലീഫ ഉണ്ടായിട്ടും മുജദ്ദിദിന്റെ അനിവാര്യതയെ കുറിച്ച് നബിതിരുമേനി (സ) മുന്നറിയിപ്പ് നൽകിയതിന്റെ പൊരുളെന്താണ്?. അഹ്മദിയ്യാ ജമാഅത്തിന് സംഭവിക്കുന്ന മൂല്യ ച്യുതിയല്ലേ അത് വ്യക്തമാക്കുന്നത്?

**ചോദ്യം 10** : അഹ്മദിയ്യാ പ്രസിദ്ധീകരണമായ 'സൻമാർഗ്ഗ ദർശിനി' യിൽ (പേജ് 7,8) ഒരോ നൂറ്റാണ്ടിലും മുജദ്ദിദുമാർ വരുമെന്ന് രേഖപ്പെടുത്തിയതും "ഇസ്ലാമിൽ മുജദ്ദിദുമാർ ഉണ്ടായികൊണ്ടിരിക്കും" ( ലക്ചർസിയാൽ കോട്ട്) എന്ന ഹസ്റത്ത് അഹ്മദ് (അ) ന്റെ പ്രസ്താവനയും അഹ്മദിയ്യാ മൗലവിമാർക്കും അഹ്മദികൾക്കും നിഷേധിക്കാൻ കഴിയുമോ?.

**ചോദ്യം 11** : ആദം നബി (അ) നെ തിരഞ്ഞെടുത്തുകൊണ്ട് "നാം ഭൂമിയിൽ ഒരു ഖലീഫയെ (പ്രതിനിധി) നിശ്ചയിക്കാൻ പോകുന്നു" എന്ന് അല്ലാഹു പറഞ്ഞതും വിശ്വാസികളുടെ സദതിരഞ്ഞെടുക്കുന്ന ഖലീഫയും ഒരേ തട്ടിലുള്ള ഖലീഫമാരാണോ?. അഹ്മദിയ്യാ ജമാഅത്തിലുണ്ടായ ഖലീഫമാരുടെ പശ്ചാത്തലമെന്താണ്?.

**ചോദ്യം 12** : അഹ്മദിയ്യാ പ്രസിദ്ധീകരണമായ 'അൽവസിയത്തി'ൽ ഹസ്റത്ത് അഹ്മദ് (അ) പറയുന്നു. "അഞ്ചുമൻ അല്ലാഹുവിനാൽ നിശ്ചയിക്കപ്പെട്ട ഖലീഫയുടെ പ്രതിനിധിയാകുന്നു. അതിനാൽ എല്ലാ ഭൌതിക വാഞ്ഛകളിൽ നിന്നും അഞ്ചുമൻ പൂർണ്ണമായും പരിശുദ്ധമായി നിൽക്കേണ്ടതാണ്" (അൽവസിയ്യത്ത് - മലയാളം - പേജ്41)

മേലുദ്ധരിച്ച പ്രസ്താവനയിൽ നിന്ന് ഹസ്റത്ത് അഹ്മദ് (അ) അല്ലാഹുവിനാൽ നിശ്ചയിക്കപ്പെട്ട ഖലീഫയാണെന്നും അഞ്ചുമൻ അഹ്മദിയ്യാ സംഘടന ആ മഹാത്മാവിന്റെ പ്രതിനിധിയാണെന്നും വ്യക്തമല്ലേ?. ഇവിടെ വ്യക്തിയോ സംഘടനയോ ആരാണ് പ്രതിനിധി?.

**ചോദ്യം 13** : അൽവസിയ്യത്ത് തുടരുന്നു: "1906 ജനവരി29 ന് വിളിച്ചു കൂട്ടിയ അഞ്ചുമൻ അഹ്മദിയ്യാ സെക്രട്ടറിമാരുടെ പ്രഥമ യോഗ റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു. യോഗത്തിൽ ഹാജരായവർ ഹസ്റത്ത് മൌലവി നൂറുദ്ദിൻ സാഹിബ് പ്രസിഡണ്ട്. ഖാൻ സാഹിബ് മുഹമ്മദലിഖാൻ സാഹിബ്. സാഹിബ് സാദാബശിറുദ്ദിൻ മഹ്മുദഹ്മദ് സാഹിബ്.........................................

(അൽവസിയ്യത്ത് - മലയാളം - പേജ് 47)

മേലുദ്ധരിച്ച റിപ്പോർട്ടിൽ നിന്ന് ഹസ്റത്ത് അഹ്മദ് (അ)ന്റെ വിയോഗം വരെ മൗലാന നൂറുദ്ദിൻ സാഹിബ് അഞ്ചുമൻ അഹ്മദിയ്യാ സംഘടനയുടെ പ്രസിഡണ്ടായിരുന്നുവെന്നും വിയോഗത്തിനു ശേഷം നേതൃസ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പിൽ അതുവരെ പ്രസിഡണ്ടായിരുന്ന നൂറുദ്ദീൻ

സാഹിബിനെ 'ഖലീഫ' എന്ന് സംബോധന ചെയ്തുവെന്നുമല്ലേ വ്യക്തമാകുന്നത്?.

**ചോദ്യം 14** : നബിതിരുമേനി (സ) ക്ക് ശേഷം പിൻഗാമിയായി തിരഞ്ഞെടുക്കപ്പെട്ട അബൂബക്കർ സിദ്ദിഖ് (റ) നെ ഖലീഫയെന്ന് സംബോധനചെയ്തതുപോലെ ഹസ്റത്ത് അഹ്മദ് (അ) നബിയാണെന്ന് വാദിച്ചതുകൊണ്ട് നബിക്ക് ശേഷം ഖലീഫ എന്നഅർത്ഥത്തിലല്ലേ അഹ്മദിയ്യാ ജമാഅത്തിലും ഖലീഫയുണ്ടാകുന്നത്?.

**ചോദ്യം 15** : ആദിമ ഇസ്ലാമിക ഖിലാഫത്തിനെ അനുകരിച്ചുകൊണ്ടുള്ള സഭയുടെ തീരുമാനമല്ലേഅഹ്മദിയ്യാ ഖലീഫമാരുടെ ഉത്ഭവത്തിന് കാരണം?അഹ്മദിയ്യാ ഖലീഫമാരെ അല്ലാഹു നിശ്ചയിച്ചതാണോ?.

**ചോദ്യം 16** : ഹസ്റത്ത് അഹ്മദ് (അ) വിഭാവന ചെയ്തത് അഞ്ചുമൻ അഹ്മദിയ്യാ സംഘടനയാണെന്നും അതിൽ തിരഞ്ഞെടുക്കപ്പെടുന്ന വിശുദ്ധനായ വ്യക്തി പ്രസിഡണ്ടായിരിക്കണമെന്നും ഖിലാഫത്തോ ഖലീഫയോ അല്ലെന്നുമുള്ള അഭിപ്രായഭിന്നത കാരണമല്ലേ 'ലാഹോരി അഹ്മദികൾ' എന്ന മറ്റൊരു വിഭാഗമുണ്ടായത്?.

**ചോദ്യം 17** : നിലവിലുള്ള അഹ്മദിയ്യാ ഖിലാഫത്ത് രണ്ടാം ദിവ്യശക്തിയാണെന്ന വാദം മൗലവിമാർക്കുണ്ടോ?. എന്നാൽ ഹസ്റത്ത് അഹ്മദ് (അ) പറയുന്നു "ഞാൻ അല്ലാഹുവിന്റെ ഭാഗത്ത്നിന്ന് ഒരു ദിവ്യശക്തിയുടെ രൂപത്തിലാണ് വന്നിട്ടുള്ളത്. ഞാൻ ദൈവികമായ ഒരു ശക്തി പ്രഭാവമാകുന്നു. എനിക്കു ശേഷം ചില വ്യക്തികളുണ്ടാവും അവർ രണ്ടാം ദിവ്യ ശക്തിയുടെ പ്രതീകങ്ങളായിരിക്കും".

(അൽവസിയ്യത്ത് - മലയാളം - പേജ്9)

മേലുദ്ധരിച്ചവരികളിൽ 'എനിക്ക് ശേഷം രണ്ടാം ദിവ്യശക്തിയുടെ പ്രതീകങ്ങളായി വരുന്ന ദ്വിതീയ ദിവ്യശക്തി ദൈവിക വെളിപാടുകൾ ലഭിക്കുന്ന മുജദ്ദിദുമാരും ഖലീഫത്തുള്ളമാരുമല്ലേ? സഭ തിരഞ്ഞെടുക്കുന്ന ഖലീഫയാണ് ഉദ്ദേശിക്കുന്നതെങ്കിൽ ദിവ്യവെളിപാടുകൾ ഇറങ്ങുന്ന ഒരാൾക്കുവേണ്ടികാത്തിരിക്കാൻ ഹസ്റത്ത് അഹ്മദ് (അ) ആവശ്യപ്പെട്ടതെന്ത്? ദൈവിക വെളിപാടുകൾ ലഭിക്കാത്ത ഇപ്പോഴത്തെ അഹ്മദിയ്യാ ഖലീഫ രണ്ടാം ദിവ്യശക്തിയാണെന്നല്ലേ മൗലവിമാർ കൊട്ടിഘോഷിക്കുന്നത്?

**ചോദ്യം 18** : 'മതത്തിൽ ബലാൽക്കാരമില്ല' എന്ന ഇസ്ലാമിന്റെ മഹത്തായ തത്ത്വം ബലികഴിച്ചുകൊണ്ട് ഓരോ വർഷവും ഇത്രയും പേരെ അഹ്മദികളാക്കി മാറ്റാൻ മിഷണറിമാർക്ക് ടാർജറ്റ് നൽകിയ മതപരിവർത്തന പ്രേമികളായ ഖലീഫമാരാണോ രണ്ടാം ദിവ്യശക്തിയുടെ പ്രതീകങ്ങൾ ?

**ചോദ്യം 19** : സത്യവുമായി ഒരുതരത്തിലും ബന്ധമില്ലാത്ത വ്യാജ പ്രസ്താവനകളിലൂടെ ഇന്ത്യയിൽ എട്ടുകോടി അഹ്മദികളുണ്ടെന്നും ലോകത്തിൽ 20കോടിയുണ്ടെന്നും പ്രചരിപ്പിക്കുന്ന ഇപ്പോഴത്തെ അഹ്മദിയ്യാ നേതൃത്വത്തെ കുറിച്ചാണോ രണ്ടാം ദിവ്യശക്തിയാണെന്ന് മൗലവിമാർ വിശേഷിപ്പിക്കുന്നത്?

**ചോദ്യം 20** : കള്ളം പറയുന്നവരുടെ മേൽ അല്ലാഹുവിന്റെ ശാപമുണ്ടെന്ന ഖുർആന്റെ താക്കീത് അഹ്മദികൾക്ക് ബാധകമല്ലെന്നുണ്ടോ ?

**ചോദ്യം 21** : എനിക്കു ശേഷം വരുന്ന രണ്ടാം ദിവ്യശക്തി അഹ്മദിയ്യാ ഖലീഫമാരായിരിക്കുമെന്നോ അക്കാരണത്താൽ മുജദ്ദിദുമാർ വരികയില്ലെന്നോ ഹസ്റത്ത് അഹ്മദ് (അ) പറഞ്ഞിട്ടുണ്ടോ?.

**ചോദ്യം 22** : ഓരോ നൂറ്റാണ്ടിലും ആഗതനാവുന്ന പരിഷ്കർത്താവ് ഒരു ചിന്താവിഷയമാകുമ്പോൾ പിന്നെന്തുകൊണ്ടാണ് ആത്മീയതയുമായി ബന്ധപ്പെട്ട ഇത്തരം വിഷയങ്ങൾ ആശയ സമരം കൊണ്ട് നേരിടാതെ മൗലവിമാർ ഒഴിഞ്ഞുമാറുന്നത്?

**ചോദ്യം 23** : അഹ്മദിയ്യാ ഖലീഫയുള്ളതുകൊണ്ട് ഇനിയാരും വരേണ്ടതില്ലെന്നാണ് മൗലവിമാരുടെ വാദമെങ്കിൽ ഇക്കാലമത്രയും സുന്നികളോടും മുജാഹിദുകളോടും മറ്റുള്ളവരോടും നബിതിരുമേനി (സ) യുടെ ഹദീസുകൾ ഉദ്ധരിച്ചുകൊണ്ട് ഓരോ നുറ്റാണ്ടിലും പരിഷ്കർത്താക്കൾ വരുമെന്ന് പ്രചരിപ്പിച്ചതെന്തിന്?

**ചോദ്യം 24** : ആത്മീയ ഭരണാധികാരിയായി അല്ലാഹു ഒരു മുജദ്ദിദിനെ നിയോഗിച്ച് കഴിഞ്ഞാൽ പിന്നീടുള്ള ആത്മീയ ഭരണം ആർക്കാണ്? അല്ലാഹുവിന്റെ ഖലീഫയായ മുജദ്ദിദിനോ വിശ്വാസികളുടെ സഭതിരഞ്ഞെടുത്ത അഹ്മദിയ്യാ ഖലീഫക്കോ?

**ചോദ്യം 25** : അഹ്മദിയ്യാ ഖിലാഫത്ത് നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്താണെന്ന വാദമല്ലേ മൗലവിമാർക്കുള്ളത്?. അപ്പോൾ ദൈവികമായ ദിവ്യബോധനങ്ങൾ ഖലീഫക്ക് ഉണ്ടാവേണ്ടതല്ലേ?. എന്നാൽ പതിനഞ്ചാം നൂറ്റാണ്ടിലെ മുജദ്ദിദും മുഹ്യുദ്ദിനും ഖലീഫത്തുള്ളയും മസീഹ്മൌഊദും അമീറുൽ മുഅ് മിനൂനും താനാണെന്നവകാശപ്പെടുന്ന മൊറിഷ്യസിലെ ഹസ്റത്ത് മുനീർ അഹ്മദ് അസിം സാഹിബിന്റെ വാദത്തെ കുറിച്ച് ആത്മീയ കാഴ്ചപ്പാടിൽ ഇപ്പോഴത്തെ അഹ്മദിയ്യാ ഖലീഫ എന്തുകൊണ്ടാണ് പ്രതികരിക്കാത്തത്?. ഹസ്റത്ത് മുനീർ അഹ്മദ് അസിം പരസ്യമായി തുറന്നകത്തിലൂടെ ഉന്നയിച്ച ചോദ്യങ്ങൾക്ക് എന്തുകൊണ്ടാണ് മറുപടി പറയാത്തത്? ഏഴുവർഷമായിട്ടും അഹ്മദിയ്യാ ഖലീഫക്ക് എന്തെങ്കിലും ദൈവിക വെളിപാടുകൾ ഉണ്ടായതായി പറയാമോ എന്ന മുനീർ അഹ്മദ് സാഹിബിന്റെ ചോദ്യത്തിന് എന്തുകൊണ്ടാണ് മറുപടി നൽകാത്തത്? അഹ്മദിയ്യാ ഖിലാഫത്ത് നുബ്ബുവത്തിന്റെ മാർഗ്ഗത്തിലുള്ളതാണെങ്കിൽ ആത്മീയ സത്യങ്ങൾ വെളിപ്പെടേണ്ടതല്ലേ? ഇനിആരും വരേണ്ടതില്ലെന്നും അഹ് മദിയ്യാ ഖലീഫയോടുകൂടി എല്ലാം അവസാനിച്ചുവെന്നും വാദിക്കുന്ന മൗലവിമാർ ഖലീഫയെ ബിംബമായി ആരാധിക്കുന്ന ശിർക്കിന്റെ വക്താക്കളല്ലേ? അപ്പോൾ ഖുർആനും ഹദീസും ഹസ്റത്ത് അഹ്മദ് (അ) ന്റെ പ്രസ്താവനകളും വ്യർത്ഥമാണെന്നല്ലേ ഖലീഫാ ശിർക്കന്മാരായ മൗലവിമാർ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നത്?


സെക്രട്ടറി

ജമാഅത്ത്സ്സഹീഹിൽ ഇസ്ലാം - കേരള

(Reg No. 693/2010)

www.jamaath-ul-sahih-al-islam, E Mail . Jamalraother @gmail.com, etmanasam@gmail.com, Mob: 9746525847



Printed By : Perfect Printers, Kannur 1000Copies